VI റിപ്പോർട്ട് സമർപ്പണം:

1. 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ റിപ്പോർട്ട് സമർപ്പിക്കുന്നു.

2. പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. കെ. മുരളീധരൻ: സർ, പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തിരുത്തൽ സ്റ്റേറ്റ്മെന്റ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാരുടെ സ്റ്റാമ്പ് വിൽപ്പന പരിധി വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ 303-ാം പാരായിലും 320-ാം നമ്പർ പാരായിലും വ്യത്യസ്ത രീതിയിൽ പരാമർശിച്ചു കാണുന്നു. ശരിയായിട്ടുള്ള പ്രസ്താവന 320-ാം നമ്പർ പാരായിലുള്ളതാണ്. അതായത്; '320. ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാരുടെ സ്റ്റാമ്പ് വിൽപ്പന പരിധി 20,000 രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതും നിലവിലുള്ള ഡിസ്ക്കൗണ്ട് പരിധി യുക്തിസഹമായി പരിഷ്കരിക്കുന്നതു മാണ്.' അതുകൊണ്ട് 303-ാം നമ്പർ പാരായിൽ പറയുന്ന കാര്യങ്ങൾ ഞാൻ

പിൻവലിക്കുന്നു. ആയതിനാൽ പ്രസ്തുത പാരായിൽ പറയുന്ന കാര്യങ്ങൾ സഭാ രേഖയിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്.

(ധനകാര്യം)